## തിരുവനന്തപുരം പൊതുമരാമത്ത് വകുപ്പ് (ഭരണവിഭാഗം) ചീഫ് എഞ്ചിനീയറുടെ നടപടി ക്രമങ്ങൾ

(ഹാജർ:- ശ്രീ. പി.കെ. സതീശൻ)

വിഷയം:- പൊ.മ.വ - ജീവനക്കാര്യം - ബഹുമാനപ്പെട്ട കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ O.A No.2217/2014 - വിധി ന്യായത്തിൻമേൽ സർക്കാർ പുറപ്പെടുവിച്ച ഉത്തരവ് നടപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:- 1. സർക്കാർ ഉത്തരവ് (സാധാ)നം.1796/2015/പൊ.മ.വ., തീയതി 03.12.2015.

2. 30.04.2013 തീയതിയിലെ ചീഫ് എഞ്ചിനീയറുടെ ഇ.ഡി1/ റിവ്യൂ കമ്മറ്റി/23906/2012 നമ്പർ ഉത്തരവ്.

3. 13.08.2015ലെ സെക്രട്ടറി, പൊതുമരാമത്ത് വകുപ്പിനുള്ള ചീഫ് എഞ്ചിനീയറുടെ കത്ത്.

4. 21.07.2015 ചീഫ് എഞ്ചിനീയറുടെ സർക്കുലർ.

**ഉത്തരവ് നമ്പർ ഇ.ഡി1/2568/2015 തീയതി 20.01.2016**

സൂചന (2) ഉത്തരവിലെ അപാകതകൾ ചൂണ്ടിക്കാണിച്ച്, സ്ഥാനക്കയറ്റ ക്രമീകരണ ഉത്തരവ് പുന:ക്രമീകരിക്കുന്നതിന് വേണ്ടി ശ്രീ. അജയകുമാർ, യു.ഡി.ക്ലാർക്ക് മുതൽ പേർ പൊതുമരാമത്ത് വകുപ്പ് സെക്രട്ടറി മുമ്പാകെ സമർപ്പിച്ച നിവേദനങ്ങളിൻമേൽ (O.A No.2217/2014ലെ അനുബന്ധം A8 to A10) പരാതിക്കാരെ വകുപ്പിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ സാന്നിദ്ധ്യത്തിൽ നേരിൽ കേൾക്കുകയും താഴെപ്പറയുന്ന ഉപാധികളോടെ സൂചന (2) ഉത്തരവ് പുന:ക്രമീകരിച്ചു നൽകാൻ സൂചന(1) പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്. ഉത്തരവിലെ പ്രധാന നിർദ്ദേശങ്ങൾ താഴെപ്പറയുന്നു.

1. A8 to A10 (പരാതിക്കാർ സർക്കാരിനു നൽകിയ നിവേദനങ്ങൾ)-ലെ ആവശ്യങ്ങൾ നിലനിൽക്കുന്നതാണെന്നു കാണുന്നതിനാൽ Part II KS and SSR 1958-ലെ ചട്ടം 28(bb) 28(bbb) പ്രകാരം പരീക്ഷ യോഗ്യത

നേടിയ ദിവസം അടിസ്ഥാനമാക്കി പരാതിക്കാർ സമർപ്പിച്ചിരിക്കുന്ന രേഖകളുടെ നിജസ്ഥിതി ഉറപ്പു വരുത്തിയതിന്ശേഷം 30.04.2013-ലെ ഇ.ഡി1/റിവ്യൂകമ്മറ്റി/23906/2012 പ്രകാരമുള്ള സീനിയോറിറ്റി കെ.എസ് & എസ്.എസ്.ആർ 1958ലെ ചട്ടം 28(bb) 28(bbb) പ്രകാരം സമയബന്ധിതമായി പുന:ക്രമീകരിച്ച് നൽകേണ്ടതാണ്.

2. വിവരാവകാശ നിയമ പ്രകാരം ഹർജിക്കാർക്ക് ലഭ്യമാക്കിയിട്ടുള്ള രേഖകൾ വസ്തുതാപരം അല്ലെങ്കിൽ ശരിയായ രേഖകൾ ലഭ്യമാക്കേണ്ടതാണ്.

3. നൽകപ്പെട്ടിരിക്കുന്ന രേഖകളിൽ പിഴവുകൾ വരുത്തിയിട്ടുണ്ടെങ്കിൽ ഉത്തരവാദികളായ ഉദ്യോഗസ്ഥരുടെ പേരിൽ വകുപ്പുതല അച്ചടക്കനടപടി സ്ഥിരീകരിക്കേണ്ടതാണ്.

4. ഇതിനായി ആവശ്യമെങ്കിൽ ഒരു പ്രത്യേക സെൽ ചീഫ് എഞ്ചിനീയർ രൂപീകരിക്കേണ്ടതാണ്.

മേൽ സാഹചര്യത്തിൽ A8 to A10 നിവേദനങ്ങളിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന അപാകതകൾ പരിഹരിക്കുന്നതിനായി 01.04.1990-നുശേഷം യു.ഡി സ്ഥാനക്കയറ്റത്തിന് പരിഗണിച്ച ഒഴിവുകളിലെ അപാകതകൾ പരിഹരിക്കേണ്ടതുണ്ട്. വിഭജിത പൊതുമരാമത്ത് വകുപ്പിന് 184 ഹെഡ് ക്ലാർക്ക് തസ്തികകളാണ് അനുവദിച്ചത്. എന്നാൽ 276 പേർ പൊതുമരാമത്ത് വകുപ്പ് ഓപ്റ്റ് ചെയ്തതിനാൽ 92 ഹെഡ് ക്ലാർക്കുമാർ വകുപ്പിൽ അധികമായി വന്നു. വീണ്ടും ഓപ്ഷന് അവസരം നൽകിയപ്പോൾ 92 പേരിൽ 35 പേർ ജലസേചന വകുപ്പ് ഓപ്റ്റ് ചെയ്യുകയും 57 ഹെഡ്ക്ലാർക്കുമാർ പൊതുമരാമത്തു വകുപ്പിൽ അധികമായി നിലനിൽക്കുകയും ചെയ്തു. ആയതിനാൽ വിഭജിത പൊതുമരാമത്ത് വകുപ്പിൽ 01.04.1990-ന് ശേഷം ഉണ്ടാകുന്ന 57 ഒഴിവുകൾ ഇവർക്കായി നീക്കി വയ്ക്കേണ്ടതുണ്ട്. സൂചന(2) ഉത്തരവിൽ ഈ ഒഴിവുകൾ നീക്കി വയ്ക്കാതെയാണ് യു.ഡി

സ്ഥാനക്കയറ്റത്തിനായി ഒഴിവുകൾ കണക്കാക്കിയത്. സൂചന(3) കത്തിൽ പ്രസ്തുത വിവരം സർക്കാരിനെ ബോദ്ധ്യപ്പെടുത്തിയിട്ടുള്ളതാണ്. ഹെഡ്ക്ലാർക്കുമാരുടെ സ്ഥാനക്കയറ്റമോ വിരമിക്കലോ മൂലം ഉണ്ടാകുന്ന 57 ഒഴിവുകൾ ഇതിലേക്കായി മാറ്റി വയ്ക്കേണ്ടതിനാൽ 01.04.1990 മുതലുള്ള യു.ഡി സ്ഥാനക്കയറ്റത്തിന് ഈ ഒഴിവുകൾ കണക്കാക്കാൻ പാടില്ല. ഇതുപോലെ പൊതുമരാമത്ത് വകുപ്പ് ഓപ്റ്റ് ചെയ്യുകയും ജലസേചന വകുപ്പിൽ തുടർന്നു വരികയും ചെയ്തിരുന്ന 184 യു.ഡി.ക്ലാർക്കുമാരെ ആഗിരണം ചെയ്യേണ്ടതുണ്ടായിരുന്നു. ഇതിനായി 01.04.1990-നുശേഷം ഉള്ള 184 ഒഴിവുകളും ഒഴിച്ചിടേണ്ടതുണ്ട്.

കൂടാതെ 31.03.90 വരെയുള്ള അനുവദനീയ എണ്ണത്തേക്കാൾ അധികമായി സ്ഥാനക്കയറ്റം നൽകിയ 69 പേരിൽ പൊതുമരാമത്ത് വകുപ്പ് തിരഞ്ഞെടുത്ത 39 പേരിൽ 4 പേർ പെൻഷൻ പറ്റി പിരിഞ്ഞു. ശേഷിക്കുന്ന 35 പേരെ മേൽ സൂചിപ്പിച്ച ഒഴിവുകൾക്ക്ശേഷമുള്ള ഒഴിവിൽ സൂചന (2) ഉത്തരവിൽ ക്രമീകരിച്ചിരിക്കുന്നതുപോലെ പുന;ക്രമീകരണ ഉത്തരവിൽ ആദ്യം ക്രമീകരിക്കേണ്ടതുണ്ട്.

28(bb) 28(bbb) കെ.എസ് & എസ്.എസ്.ആർ 1958 പാലിക്കുന്നതിലേക്ക് സ്ഥാനക്കയറ്റത്തിനായി ഉപയോഗിക്കുന്ന ഒഴിവുകൾ നിലവിൽ വന്ന കൃത്യമായ തീയതിയും സ്ഥാനക്കയറ്റം നേടുന്ന ജീവനക്കാരൻ/ജീവനക്കാരി ഈ തീയതി ഉറപ്പു വരുത്തുന്നതിന് ജീവനക്കാരുടെ സർവ്വീസ് പുസ്തകം നിർബന്ധമായും പരിശോധനാ വിധേയമാക്കേണ്ടതുണ്ട്. ഈ വിധം കണ്ടെത്തുന്ന അർഹതപ്പെട്ട തീയതിയിൽ മാത്രം ജീവനക്കാരെ ക്രമീകരിക്കേണ്ടതുമാണ്.

നിവേദനത്തിൽ ചൂണ്ടിക്കാണിച്ചിട്ടുള്ള ഒഴിവുകൾ നിലവിൽ ഉണ്ടായിരുന്നു എന്നതിന് പരാതിക്കാർ സമർപ്പിച്ചിരിക്കുന്ന രേഖകൾ പരാതിക്കാർക്ക് വിവരാവകാശ നിയമപ്രകാരം ലഭിച്ചതാണ്. ഇവയുടെ നിജസ്ഥിതി ഉറപ്പുവരുത്തിയതിന്ശേഷം മാത്രം

പുന:ക്രമീകരണത്തിനായി ഉൾക്കൊളളിക്കാൻ സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ പരാതിക്കാർ ലഭ്യമാക്കിയിട്ടുളള രേഖകളുടെ പകർപ്പുകൾ അവ നൽകിയ ഓഫീസുകളിൽ അയച്ച് ഓഫീസ് മേധാവി വഴി റിപ്പോർട്ട് ലഭ്യമാക്കേണ്ടതും, ഒഴിവു റിപ്പോർട്ട് ചെയ്തതിന് സർവ്വീസ് ബുക്ക് ഉൾപ്പെടെയുളള ആധാരമായ രേഖകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് നൽകാൻ ആവശ്യപ്പെടേണ്ടതും കൃത്യമായ രേഖകൾ നൽകാത്ത ഉദ്യോഗസ്ഥരുടെ പേരിലും തെറ്റായ രേഖകൾ നൽകിയ ഉദ്യോഗസ്ഥരുടെ പേരിലും വകുപ്പുതല അച്ചടക്കനടപടി കൈക്കൊളേളണ്ടതുമുണ്ട്. കൃത്യമായ രേഖകൾ ലഭിക്കുന്ന ഒഴിവുകൾ മാത്രം പുന:ക്രമീകരണത്തിനായി ഉപയോഗിക്കേണ്ടതാണ്. ഇങ്ങനെ ഒഴിവുകൾ കൂട്ടിച്ചേർക്കുമ്പോൾ വകുപ്പിലെ അനുവദനീയ തസ്തികയെ അധികരിക്കുന്നില്ല എന്ന് ഉറപ്പ് വരുത്തേണ്ടതുമുണ്ട്.

മേൽ നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട്, സൂചന (2) ഉത്തരവ് സൂചന (1) സർക്കാർ ഉത്തരവ് പ്രകാരം പുന:ക്രമീകരിക്കുന്നതിനും റിപ്പോർട്ട് സമർപ്പിക്കുന്നതിനുമായി താഴെപ്പറയുന്ന ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി ഒരു കമ്മറ്റി രൂപീകരിച്ച് ഇതിനാൽ ഉത്തരവാകുന്നു.

കമ്മറ്റി അംഗങ്ങൾ

1. ശ്രീമതി. ശാന്ത.പി, ഭരണസഹായി, പി.എഫ് & ഗ്രേഡ് സെൽ.
2. ശ്രീമതി.കെ.എസ്.സന്ധ്യ, ജൂനിയർ സൂപ്രണ്ട്, ഗ്രേഡ് സെൽ.
3. ശ്രീ. നജിമുദ്ദീൻ.എം, ഹെഡ് ക്ലാർക്ക്, ഗ്രേഡ് സെൽ.
4. ശ്രീ. ജിനിരാജ്.വി.ആർ, യു.ഡി.ക്ലാർക്ക്, ഗ്രേഡ് സെൽ.
5. ശ്രീ. വിജയ്.ആർ, യു.ഡി.ക്ലാർക്ക് (പരാതിക്കാരൻ).
6. ശ്രീ. ദിലീപ് കുമാർ.എം.എസ്, എൽ.ഡി.ക്ലാർക്ക്, പൊതുമരാമത്ത് വകുപ്പ് (ഭരണവിഭാഗം).

പുന:ക്രമീകരണത്തിനായി കണക്കാക്കുന്ന ഒഴിവുകൾക്ക് ആധാരമായ രേഖകൾ ആവശ്യമെന്നു കണ്ടാൽ പരിശോധനയ്ക്ക് ഹാജരാക്കാൻ കമ്മറ്റി ബാധ്യസ്തമായിരിക്കും. ഉത്തരവ് തീയതി മുതൽ 3 മാസത്തിനകം കമ്മറ്റി റിപ്പോർട്ട് സമർപ്പിക്കേണ്ടതാണ്.

ഒപ്പ്/-
**ചീഫ് എഞ്ചിനീയർ**

1. **കമ്മറ്റി അംഗങ്ങൾക്ക്**

    1. ശ്രീമതി. ശാന്ത.പി, ഭരണസഹായി, പി.എഫ് & ഗ്രേഡ് സെൽ.
    2. ശ്രീമതി.കെ.എസ്.സന്ധ്യ, ജൂനിയർ സൂപ്രണ്ട്, ഗ്രേഡ് സെൽ.
    3. ശ്രീ. നജിമുദ്ദീൻ.എം, ഹെഡ് ക്ലാർക്ക്, ഗ്രേഡ് സെൽ.
    4. ശ്രീ. ജിനിരാജ്.വി.ആർ, യു.ഡി.ക്ലാർക്ക്, ഗ്രേഡ് സെൽ.
    5. ശ്രീ. വിജയ്.ആർ, യു.ഡി.ക്ലാർക്ക്, പരാതിക്കാരൻ.
    6. ശ്രീ. ദിലീപ് കുമാർ.എം.എസ്, എൽ.ഡി.ക്ലാർക്ക്, പൊതുമരാമത്ത് വകുപ്പ് (ഭരണവിഭാഗം).

ഉത്തരവിൻ പ്രകാരം

മുതിർന്ന ഭരണകാര്യസ്ഥൻ

പകർപ്പ്:-

1. പൊതുമരാമത്ത് വകുപ്പ് സെക്രട്ടറി (ആമുഖ കത്ത് സഹിതം)
2. ഭരണസഹായി, പൊതുമരാമത്ത് വകുപ്പ്, ഭരണവിഭാഗം.
3. ശ്രീ. അജയകുമാർ.എം. സീനിയർ ക്ലാർക്ക്. (പരാതിക്കാരൻ)
4. ശ്രീ. വിജയ്.ആർ, യു.ഡി.ക്ലാർക്ക്. (പരാതിക്കാരൻ)
5. ശ്രീ. രാജേഷ്കുമാർ. ആർ, സീനിയർ ക്ലാർക്ക്. (പരാതിക്കാരൻ)
6. ഔദ്യോഗിക വെബ്സൈറ്റ്/കരുതൽ ഫയൽ/അധിക ഏട്